# കലവൂർ മാർക്കറ്റില് പരസ്പര അകലം പാലിക്കുന്നതിന് മാർക്കിങ് നടത്തി

ആലപ്പുഴ: കൊറോണ പ്രതിരോധത്തിനുള്ള പ്രധാന മാർഗ്ഗങ്ങളിലൊന്നായ പരസ്പര അകലം പാലിക്കൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കലവൂര് മാർക്കറ്റില് നിരയില് നിൽക്കുന്നതിന് അടയാളപ്പെടുത്തല് നടത്തി.വളരെ തിരക്കേറിയ കലവൂർ മാർക്കറ്റില് എത്തുന്നവര് ക്യൂ നിൽക്കുമ്പോള് പരസ്പരം അകലം പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആർ.ഡി.ഓ സന്തോഷ് കുമാർ മാർക്കറ്റിലെത്തുകയും ക്യൂ നിൽക്കുന്നതിന് പെയിന്റ് ഉപയോഗിച്ച് മാർക്കിങ് നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുകയുമായിരുന്നു. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മാർക്കിങ്ങിന് സഹായവുമായി എത്തി. മാർക്കറ്റിലെ മീന് സ്റ്റാള് മുതല് ഒരു മീറ്റര് അകലത്തിൽ പുറത്തുവരെ മാർക്ക് ചെയ്തിട്ടുണ്ട്. മാർക്ക് ചെയ്യാന് പറ്റാത്ത ഭാഗത്ത് സൈക്കിൾ ടയര് ഇട്ട് വേർതിരിച്ചിട്ടുണ്ട്. കോവിഡ് വ്യാപനം തടയാനുള്ള പ്രധാനപ്പെട്ട സർക്കാര് നിർദ്ദേശങ്ങളിലൊന്ന് പരസ്പരം വ്യക്തികള് അകലം പാലിക്കുക എന്നുള്ളതാണ്. അത്യാവശ്യ കാര്യത്തിനല്ലാതെ പുറത്തുപോകാതിരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്.